(സി) കയർ ഉൽപ്പാദന യൂണിറ്റുകൾ, ചകിരി വേർതിരിക്കൽ പ്ലാന്റ്, കയർ മാറ്റ്സ് ആന്റ് ജിയോടെക്സ്റ്റയിൽസ് യൂണിറ്റ്, പവർലൂം കയർ മാറ്റിംഗ് യൂണിറ്റുകൾ, കയർ വിത്ത് പ്രോസസിംഗ് യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ എന്നിവ സ്ഥാപിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് IIUS പ്രകാരം തുക അനുവദിച്ചിരിക്കുന്നത്.

(ഡി) IIUS പ്രകാരം നടപ്പിലാക്കുന്ന കയർ ക്ലസ്റ്ററുകൾ പരിപാടികൊണ്ട് കയർ വ്യവസായത്തിന് മുഴുവൻ പ്രയോജനം കിട്ടും. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ആലപ്പുഴയിലുള്ള കയർ വ്യവസായത്തിലേർപ്പെട്ടവർക്കുവേണ്ടിയാണ് നടത്തുന്നത്.

കോഴിക്കോട് ജില്ലയിലെ തൊണ്ട് സംഭരണം

82 [3433] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെങ്കിലും കയർ സഹകരണ സംഘങ്ങളെയോ, മറ്റേതെങ്കിലും ഏജൻസികളെയോ തൊണ്ട് സംഭരിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെയായി എത്ര തൊണ്ട് സംഭരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല. എന്നാൽ എല്ലാ ജില്ലകളിലും കുടുംബശ്രീ യൂണിറ്റുകൾ വ്യാപകമായി തൊണ്ട് ശേഖരിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഓഫീസർമാരുടെ കീഴിൽ കയർ സഹകരണസംഘം, കയർ ബോർഡ്, പഞ്ചായത്ത്, കയർ തൊഴിലാളികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ പ്രതിനിധികളുൾപ്പെട്ട ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കയർ സഹകരണ സംഘങ്ങൾ

83 [3434] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, നന്മണ്ട, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തുകളിൽ എത്ര കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ് എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എലത്തൂർ പഞ്ചായത്തിൽ താഴെപ്പറയുന്ന 6 കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. എലത്തൂർ കയർ വ്യവസായ സഹകരണ സംഘം
2. എടക്കാട് കയർ വ്യവസായ സഹകരണ സംഘം
3. മൊകവൂർ കയർ വ്യവസായ സഹകരണ സംഘം
4. കാരത്തൂർ കയർ വ്യവസായ സഹകരണ സംഘം
5. പുത്തൂർ കാരത്തൂർ കയർ വ്യവസായ സഹകരണ സംഘം
6. കോരപ്പുഴ കാരത്തൂർ കയർ വ്യവസായ സഹകരണ സംഘം

തലക്കുളത്തൂർ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 4 കയർ സഹകരണ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

1. തലക്കുളത്തൂർ കയർ വ്യവസായ സഹകരണ സംഘം
2. പുറക്കാട്ടിരി കയർ വ്യവസായ സഹകരണ സംഘം
3. പടന്നക്കളം കയർ വ്യവസായ സഹകരണ സംഘം
4. അന്നശ്ശേരി കയർ വ്യവസായ സഹകരണ സംഘം

അത്തോളി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3 കയർ വ്യവസായ സഹകരണ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

1. വേളൂർ എടക്കര കയർ വ്യവസായ സഹകരണ സംഘം
2. വേളൂർ വെസ്റ്റ് കയർ വ്യവസായ സഹകരണ സംഘം
3. തോരയി കയർ വ്യവസായ സഹകരണ സംഘം

ഉള്ള്യേരി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 4 കയർ സഹകരണ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

1. കണയംകോട് കയർ വ്യവസായ സഹകരണ സംഘം
2. കുന്നത്തറ കയർ വ്യവസായ സഹകരണ സംഘം
3. പുത്തഞ്ചേരി കയർ വ്യവസായ സഹകരണ സംഘം
4. നടുവണ്ണൂർ കയർ വ്യവസായ സഹകരണ സംഘം

പനങ്ങാട് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് രാജീവ്ജി യന്ത്രവൽകൃത കയർ വ്യവസായ സഹകരണ സംഘമാണ്. നന്മണ്ട, ബാലുശ്ശേരി എന്നീ പഞ്ചായത്തുകളിൽ കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഇതിൽ ഒമ്പത് സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തന ക്ഷമമാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

22-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത 3404, 3406, 3407, 3417, 3420, 3421, 3422 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly